"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി- അനധികൃത ഖനനത്തിന് കണ്ണൂർ ജില്ലാ ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത തുക ഗഡുക്കളായി ഒടുക്കുന്നതിന് ശ്രീ. സി.എച്ച്.അസ്കർ, മാനേജിംഗ് പാർട്ണർ, മെ. ഹിന്ദുസ്ഥാൻ സ്റ്റോൺ ക്രഷർ & ഹോളോബ്രിക്സ് യൂണിറ്റ്, kalangi(P.O), കണ്ണൂർ സമർപ്പിച്ച അപേക്ഷയിൽ അനുമതി നൽകി ഉത്തരവാകുന്നു.

---

വ്യവസായ (എ) വകുപ്പ്

സ.ഉ.(സാധാ) നം.783/2025/ID തീയതി,തിരുവനന്തപുരം, 01-07-2025

---

പരാമർശം:-

1. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ
2. 30.12.2024-ലെ കണ്ണൂർ ജില്ലാ ജിയോളജിസ്റ്റിന്റെ 98/2024-25/GBS/DOKAN-DMG/1048/2023-M നമ്പർ നടപടിക്രമം.
3. 16.01.2025, 06.03.2025-ലെ ശ്രീ. സി.എച്ച്. അസ്കർ, മാനേജിംഗ് പാർട്ണർ, ഹിന്ദുസ്ഥാൻ സ്റ്റോൺ ക്രഷർ & ഹോളോബ്രിക്സ് യൂണിറ്റ്, kalangi(P.O), കണ്ണൂർ സമർപ്പിച്ച അപേക്ഷ.
4. 12.05.2025-ലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ DMG/631/2025-M3 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ വയത്തൂർ വില്ലേജിൽ റീസർവേ നമ്പർ 28/1A2-ൽപ്പെട്ട 1.9976 ഹെക്ടർ സ്ഥലത്തുനിന്നും കരിങ്കൽ ഖനനം ചെയ്യുന്നതിനായി 28.11.2018 മുതൽ 27.11.2028 വരെ ക്വാറിയിംഗ് ലീസ് അനുവദിച്ചിട്ടുണ്ടെന്നും, ജില്ലാ ജിയോളജിസ്റ്റ് പരാമർശം(2) പ്രകാരം ഡിമാന്റ് ചെയ്ത പിഴ തുക കുറവ് ചെയ്ത് തവണ വ്യവസ്ഥയിൽ അടയ്ക്കുന്നതിന് അനുമതി നൽകണമെന്നും, ആദ്യ ഗഡുതുക ഒടുക്കുന്ന മുറയ്ക്ക് മൈനിംഗ് ലീസ് ഏരിയയിലുള്ള ധാതുക്കൾ നീക്കം ചെയ്യുന്നതിന് KOMPAS പാസ്സ് അനുവദിക്കണമെന്നും ശ്രീ. സി.എച്ച്. അസ്കർ, മാനേജിംഗ് പാർട്ണർ, ഹിന്ദുസ്ഥാൻ സ്റ്റോൺ ക്രഷർ & ഹോളോബ്രിക്സ് യൂണിറ്റ്, kalangi(P.O), കണ്ണൂർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

2). ഈ വിഷയത്തിൽ മൈനിംഗ് & ജിയോളജി ഡയറക്ടർ ലഭ്യമാക്കിയിരിക്കുന്ന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ വയത്തൂർ വില്ലേജിൽ റീസർവേ നമ്പർ 28/1A2ൽപ്പെട്ട 1.9976 ഹെക്ടർ സ്ഥലത്ത് നിന്നും കരിങ്കല്ല് ഖനനം ചെയ്യുന്നതിനായി മെ. ഹിന്ദുസ്ഥാൻ സ്റ്റോൺ ക്രഷർ & ഹോളോ ബ്രിക്സ് യൂണിറ്റ്, മാനേജിങ് പാർട്ട്ണർ, സി. എച്ച്. അസ്കർ, kalangi (P.O) എന്ന സ്ഥാപനത്തിന് 28/11/2018 മുതൽ 27/11/2028 വരെ കാലാവധിയിൽ ഒരു ക്വാറിയിങ് ലീസ് അനുവദിച്ചിരുന്നു. 31.03.2024-ന് ടി ക്വാറിയുടെ ആദ്യത്തെ 5 സാമ്പത്തിക വർഷം പൂർത്തിയായിട്ടുള്ളതും തുടർന്ന് 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ, ചട്ടം 67 പ്രകാരമുള്ള സ്കീം ഓഫ് മൈനിങ് കണ്ണൂർ ജില്ലാ ഓഫീസിൽ 28/12/2023 തീയതിയിൽ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ക്വാറിയിൽ 27/03/2024 തീയതിയിൽ കണ്ണൂർ ജില്ലാ ഓഫീസ് അധികാരികൾ പരിശോധന നടത്തുകയും ഹാജരാക്കിയ സ്കീം ഓഫ് മൈനിംഗിൽ അപാകതകൾ കണ്ടെത്തിയതിനെ തുടർന്ന് തിരുത്തൽ വരുത്തിയ സ്കീം ഓഫ് മൈനിങ് 02/08/2024 തീയതിയിൽ ക്വാറിയുടമ ജില്ലാ ഓഫീസിൽ ഹാജരാക്കുകയും, സ്കീം ഓഫ് മൈനിങ്ങിൽ രേഖപ്പെടുത്തിയിട്ടുള്ള ആകെ ഖനനം ചെയ്തു പോയ

കരിങ്കല്ലിന്റെ അളവ് സംബന്ധിച്ച കണക്കുകളും അതിനു പിന്തുണ നല്കുന്ന പ്ലാനുകളും, സെക്ഷനുകളും ജില്ലാ ഓഫീസിൽ പരിശോധിച്ചതിന്റെയും സ്ഥലപരിശോധനയുടെയും അടിസ്ഥാനത്തിൽ ടി ക്വാറിയുടെ മൈനിങ് ഏരിയയ്ക്കുള്ളിലെ മൈനബിൾ റിസർവിൽ നിന്നും 1,00,775 മെട്രിക് ടൺ കരിങ്കല്ല് മാത്രമാണ് ഖനനം ചെയ്ത് നീക്കിയിട്ടുള്ളത് എന്ന് കണക്കാക്കിയിട്ടുണ്ട്.

എന്നാൽ അംഗീകരിച്ച് നൽകിയ മൈനിങ് പ്ലാനിന് വിരുദ്ധമായി ബഫർ സോണിൽ നിന്നും 10,260 ടണ്ണും, മൈനിങ് ഏരിയയ്ക്കുള്ളിലെ ബ്ലോക്ക്ഡ് റിസർവിൽ (ബെഞ്ചുകൾ) നിന്നും 1,44,650 ടണ്ണും ഉൾപ്പെടെ ആകെ 1,54,910 ടൺ കരിങ്കല്ല് ഖനനം ചെയ്ത് പുറത്ത് കൊണ്ടുപോയതായി ജില്ലാ ഓഫീസിന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. മേൽ വിഷയവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ജില്ലാ ഓഫീസിനെ രേഖാമൂലം ബോധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 19-11-2024-ന് ക്വാറിയുടമക്ക് കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നതാണ്. ആയതിന്, ക്വാറിയിങ് ലീസ് അനുവദിക്കുന്നതിന് മുൻപ് തന്നെ ലീസ് ഏരിയക്കുള്ളിൽ നിന്നും വിവിധ ക്വാറിയിങ് പെർമിറ്റുകൾ സമ്പാദിച്ച് ഖനന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് 30-11-2024 തിയ്യതിയിൽ മറുപടി നൽകുകയും അതുമായി ബന്ധപ്പെട്ട പഴയ ക്വാറിയിങ് പെർമിറ്റുകളുടെ പകർപ്പുകളും ക്വാറി ഉടമ മറുപടിയോടൊപ്പം ജില്ലാ ഓഫീസിൽ ഹാജരാക്കിയിട്ടുള്ളതാണ്. ടി കാര്യം ക്വാറിയിംഗ് ലീസ് അനുവദിക്കുന്നതിന് മുന്നോടിയായുള്ള സ്ഥലപരിശോധനാസമയത്ത് ജില്ലാ ഓഫീസിന് ബോധ്യപ്പെട്ടിട്ടുള്ളതും ആയത് പ്രകാരം 22,490 ടൺ കരിങ്കല്ല് അപേക്ഷ സ്ഥലത്തിനകത്ത് നിന്നും ഖനനം ചെയ്ത് നീക്കിയതായി കണക്കാക്കിയിട്ടുള്ളതുമാണ്. കൂടാതെ ലീസ് അനുവദിച്ചതിനുശേഷം 1,52,079 ടൺ കരിങ്കല്ലിന് റോയൽറ്റി ഒടുക്കിയിട്ടുള്ളതാണെന്നും ആയതിനാൽ റോയൽറ്റി ഒടുക്കിയ തുക ഇളവ് വരുത്തണമെന്നുമാണ് ക്വാറി ഉടമ മറുപടിയിൽ അറിയിച്ചിരുന്നത്. 30-11-2024 തിയതിയിലെ പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ അനുമതിയില്ലാതെ നീക്കം ചെയ്ത 1,54,910 ടൺ കരിങ്കല്ലിൽ നിന്നും ക്വാറിയിങ് ലീസ് അനുവദിക്കുന്നതിന് മുൻപ് ഖനനം ചെയ്ത് നീക്കിയ 22,490 ടൺ കുറച്ച് ബാക്കിവരുന്ന 1,32,485 ടൺ കരിങ്കല്ലിന്റെ റോയൽറ്റിയും വിലയും 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 108(2), 2015 ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് ആൻഡ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിലെ ചട്ടം 29(3) എന്നിവ പ്രകാരം സർക്കാരിലേക്ക് ഒടുക്കുവാൻ ക്വാറിയുടമകൾ ബാധ്യസ്ഥരാണ്.

05.01.2017 തീയതിയിൽ ജില്ലാ ഓഫിസ് അംഗീകരിച്ച് നൽകിയ മൈനിങ് പ്ലാൻ പ്രകാരം ലീസ് അനുവദിച്ച ക്വാറിയിൽ നിന്നും 28/11/2018 മുതൽ 31/03/2024 വരെയുള്ള കാലയളവിൽ (ആദ്യത്തെ അഞ്ച് സാമ്പത്തിക വർഷത്തിൽ) ആകെ 1,68,779 മെട്രിക് ടൺ കരിങ്കല്ലാണ് പ്രൊഡക്ഷൻ നടത്തിയിരിക്കുന്നത്. ആയതിൽ 1,31,979 മെട്രിക് ടൺ 2019 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിലും, ബാക്കിവരുന്ന 36,800 മെട്രിക് ടൺ 2023 മാർച്ച് 31നു ശേഷവുമാണ് പ്രൊഡക്ഷൻ നടത്തിയിരിക്കുന്നത്. ആയതിൽ ആകെ നടത്തിയ പ്രൊഡക്ഷന്റെ 78 % 2023 മാർച്ച് 31 നു മുൻപും 22% അതിനു ശേഷവുമാണ് നടത്തിയിട്ടുള്ളതെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ, മൈനിങ് പ്ലാനിന് വിരുദ്ധമായി ഖനനം ചെയ്ത് നീക്കിയ 1,32,485 മെട്രിക് ടൺ കരിങ്കല്ലിന്റെ അളവിൽ നിന്നും 1,03,338 മെട്രിക് ടൺ (78%) കരിങ്കല്ലിന് റോയൽറ്റി ഇനത്തിൽ ടൺ ഒന്നിന് ₹24/- രൂപ നിരക്കിൽ ₹24,80,112/- രൂപയും, വിലയിനത്തിൽ ടൺ ഒന്നിന് ₹48/- രൂപ നിരക്കിൽ 49,60,224/- രൂപയും, കൂടാതെ ബാക്കി വരുന്ന 29,147 മെട്രിക് ടൺ കരിങ്കല്ലിന് റോയൽറ്റി ഇനത്തിൽ ടൺ ഒന്നിന് 48/- രൂപ നിരക്കിൽ ₹13,99,056/- രൂപയും, വിലയിനത്തിൽ ടൺ ഒന്നിന് 192/- രൂപ നിരക്കിൽ ₹55,96,224 രൂപയും കൂട്ടി ആകെ 1,44,35,616/- രൂപ ക്വാറിയുടമ സർക്കാരിലേക്ക് ഒടുക്കേണ്ടതായിട്ടുണ്ട്.

ശ്രീ.സി.എച്ച്. അസ്കർ, മാനേജിങ് പാർട്ണർ, മെ.ഹിന്ദുസ്ഥാൻ സ്റ്റോൺ ക്രഷർ &ഹോളോ ബ്രിക്സ് യൂണിറ്റ് എന്നവരുടെ 30-11-2024 തീയതിയിലെ മറുപടി പരിഗണിക്കുമ്പോൾ ലീസ് ലഭിച്ചതിനുശേഷം നാളിതുവരെയായി 1,52,079.43 ടൺ കരിങ്കല്ലിന്റെ റോയൽറ്റി സർക്കാരിലേക്ക് ഒടുക്കിയിട്ടുള്ളതാണ്. എന്നാൽ ആയതിൽ 1,00,775 ടൺ കരിങ്കല്ല് മാത്രമാണ് മൈനിങ് ഏരിയക്കുള്ളിലെ മൈനബിൾ റിസർവിൽ നിന്നും ഖനനം ചെയ്ത് നീക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ റോയൽറ്റി ഒടുക്കിയ ആകെ കരിങ്കല്ലിന്റെ അളവിൽ നിന്നും മൈനിങ് പ്ലാൻ അനുസരിച്ച് ഖനനം നടത്തിയ 1,00,775 ടൺ ഒഴിവാക്കി ബാക്കി വരുന്ന 51,304 ടൺ കരിങ്കല്ലിന് ഒടുക്കിയിട്ടുള്ള റോയൽറ്റി തുകയായ 15,02,184/-രൂപ (പ്രൊഡക്ഷൻ നടത്തിയ അതേ അനുപാതത്തിൽ) മൈനിങ് പ്ലാനിന് വിരുദ്ധമായി നീക്കം ചെയ്ത കരിങ്കല്ലിന്റെ റോയൽറ്റി + വിലയായി കണക്കാക്കിയ 1,44,35,616/- രൂപയിൽ നിന്നുംഇളവ് വരുത്തി ബാക്കിവരുന്ന 1,29,33,432/- രൂപ മെ. ഹിന്ദുസ്ഥാൻ സ്റ്റോൺ ക്രഷർ & ഹോളോ ബ്രിക്സ് യൂണിറ്റ് സ്ഥാപനത്തിന്റെ ഉടമകൾ സർക്കാരിലേക്ക് ഒടുക്കേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ, 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെചട്ടം 108(2), 2015 ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് ആൻഡ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിലെ ചട്ടം 29(3) എന്നിവ പ്രകാരം മൈനിങ് പ്ലാനിന് വിരുദ്ധമായി ഖനനം ചെയ്ത് പുറത്തു കൊണ്ടുപോയ ധാതുക്കളുടെ റോയൽറ്റി, വില ഇനത്തിൽ 1,29,33,432/- രൂപ (ഒരു കോടി ഇരുപത്തിയൊൻപത് ലക്ഷത്തി മുപ്പത്തിമൂന്നായിരത്തി നാനൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം) സർക്കാരിലേക്ക് അടവാക്കുന്നതിന് പരാമർശം(2) പ്രകാരം ജില്ലാ ജിയോളജിസ്റ്റ് നടപടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയത് ക്വാറി ഉടമയെ അറിയിച്ചിട്ടുള്ളതുമാണ്.

മേൽ ഉത്തരവ് പ്രകാരമുള്ള തുക ഗഡുക്കളായി അടവാക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ടാണ് അപ്പീൽ കക്ഷി സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. 2023 ലെ കേരള മൈനർ മിനറൽ കൺസഷൻ (ഭേദഗതി) ചട്ടങ്ങളിലെ - ചട്ടം 115 പ്രകാരം 6 തുല്യമാസഗഡുക്കൾ വരെ സർക്കാരിൽ നിന്ന് അനുവദിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ തുക സർക്കാരിലേക്ക് അടവാക്കുന്നതിന് ഗഡുക്കൾ അനുവദിക്കാവുന്നതാണെന്ന് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം(4) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. . മൈനിംഗ് & ജിയോളജി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. സി.എച്ച്.അസ്കർ, മാനേജിംഗ് പാർട്ണർ, മെ. ഹിന്ദുസ്ഥാൻ സ്റ്റോൺ ക്രഷർ & ഹോളോബ്രിക്സ് യൂണിറ്റ്, kalangi(P.O), കണ്ണൂർ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ വയത്തൂർ വില്ലേജിൽ റീസർവേ നമ്പർ 28/1A2ൽപ്പെട്ട 1.9976 ഹെക്ടർ സ്ഥലത്ത് നിന്നും മൈനിങ് പ്ലാനിന് വിരുദ്ധമായി ഖനനം ചെയ്ത് പുറത്തു കൊണ്ടുപോയ ധാതുക്കളുടെ റോയൽറ്റി, വില ഇനത്തിൽ കണ്ണൂർ ജില്ലാ ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത 1,29,33,432/- രൂപ (ഒരു കോടി ഇരുപത്തിയൊൻപത് ലക്ഷത്തി മുപ്പത്തിമൂന്നായിരത്തി നാനൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം) കെ.എം.എം.സി (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 115 പ്രകാരം ആറ് തുല്യ ഗഡുക്കളായി ഒടുക്കുന്നതിന്, മാസഗഡു അടയ്ക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച വരുത്തിയാൽ പിന്നീട് ഗഡുക്കളായി അടയ്ക്കുന്നതിന് അവസരം നഷ്ടപ്പെടുമെന്ന വ്യവസ്ഥയിൽ അപേക്ഷകന് അനുമതി നൽകിയും, ആദ്യ ഗഡു ഒടുക്കുന്ന മുറയ്ക്ക് നിയമാനുസൃതമായി മറ്റ് തരത്തിൽ യോഗ്യമെങ്കിൽ മൈനിംഗ് ലീസ് ഏരിയയിലുള്ള ധാതുക്കൾ നീക്കം ചെയ്യുന്നതിന് അപേക്ഷകന് പാസ്സ് അനുവദിക്കുന്നതിന് കണ്ണൂർ ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
ജില്ലാ ജിയോളജിസ്റ്റ്, കണ്ണൂർ
ശ്രീ. സി.എച്ച്.അസ്കർ, മാനേജിംഗ് പാർട്ണർ, മെ. ഹിന്ദുസ്ഥാൻ സ്റ്റോൺ ക്രഷർ & ഹോളോബ്രിക്സ് യൂണിറ്റ്, kalangi(P.O), കണ്ണൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 02-07-2025 11:45:10